പ്ലാച്ചിമടയിൽ കൊക്കകോള കമ്പനി
വരുത്തിയ നാശത്തിന് നഷ്ടപരിഹാരം
നൽകുന്നതിനുള്ള ട്രിബ്യൂണൽ രൂപീകരിക്കാ
നുള്ള നടപടി അട്ടിമറിക്കപ്പെടുന്നതായി
പ്ലാച്ചിമട ഹൈപവർ കമ്മറ്റിയിലെ
എൺവയോൺമെന്റ് എക്‌പെർട്ട് മെംബർ

**എസ്. ഫെയ്‌സി**

# പ്ലാച്ചിമട ട്രിബ്യൂണൽ അട്ടിമറിക്കരപ്പെടരുത്

പ്ലാച്ചിമടയിൽ കൊക്കകോള കമ്പനി വരുത്തിയ നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിന് ട്രിബ്യൂണൽ രൂപവത്കരികരിക്കുന്നത് വ്യവസ്ഥ ചെയ്യുന്ന ബില്ല് അട്ടിമറിക്കാൻ പലതരത്തിലുള്ള ശ്രമങ്ങൾ നടന്നു. പന്ത്രണ്ട് സർക്കാർ ഉദ്യോഗസ്ഥർ, പല ഡിപ്പാർട്ട്മെന്റിലെ ഡയറക്ടർമാർ, മൂന്ന് എക്‌സ്‌പെർട്ടുമാർ എന്നിവരുൾപ്പെടെയുള്ളതായിരുന്നു പ്ലാച്ചിമട ഹൈപവർ കമ്മറ്റി. അഡീഷനൽ ചീഫ് സെക്രട്ടറി കെ. ജയകുമാർ അദ്ധ്യക്ഷനായ കമ്മറ്റിയിൽ ആരോഗ്യം, കൃഷി, വ്യവസായം തുടങ്ങിയ ഡിപ്പാർട്ട്മെന്റിലെ ഡയറക്ടർമാർ, കാർഷിക സർവ്വകലാശാല ഡീൻ, റിട്ടയേർഡ് ജില്ലാ ജഡ്ജി ടി. രാമൻ, ഡോ. സി.ആർ സോമൻ എന്നിവരായിരുന്നു ഉണ്ടായിരുന്നത്.

കൃഷി, ആരോഗ്യം, മലനീകരണം, തൊഴിൽ, ജല ദൗർലഭ്യം, കുടിവെള്ളം, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിൽ എത്രമാത്രം പ്രശ്നങ്ങളാണ് ഉണ്ടായതെന്ന് കണക്കാക്കി. ഇതിന്റെ സാമ്പത്തിക വശമാണ് പ്രധാനമായും കണക്കാക്കിയത്. കൂടാതെ കൊക്കക്കോള കമ്പനി വന്നതുമൂലം പ്ലാച്ചിമടയിലെ മണ്ണ്, ജലം എന്നിവ മലിനമായതെങ്ങനെയെന്ന ചോദ്യമാണ് പ്രധാനമായും കമ്മറ്റി പരിശോധിച്ചത്. കൊക്കക്കോള കമ്പനിയുടെ പ്രവർത്തനംമൂലമാണ് ഈ മലനീകരണ പ്രശ്നങ്ങളെല്ലാം ഉണ്ടായതെന്നാണ് കമ്മറ്റി വിലയിരുത്തിയത്.

അങ്ങനെയുള്ള കണ്ടെത്തലുകളുടെ പശ്ചാത്തലത്തിലാണ് കൊക്കക്കോള കമ്പനിയിൽനിന്ന് ജനങ്ങൾക്ക് നഷ്ടപരിഹാരം ഈടാക്കുന്നതിനായി ട്രൈബ്യൂണൽ രൂപികരിക്കണമെന്ന് തീരുമാനിച്ചത്. അങ്ങനെയൊരു ട്രിബ്യൂണൽ രൂപീകരിച്ചാൽ ജനങ്ങൾക്ക് അവരുടെ പരാതി ബോധിപ്പിക്കാൻ സാധിക്കും. പരാതി പരിശോധിക്കുന്ന ട്രിബ്യൂണൽ നഷ്ടപരിഹാരത്തിന്റെ തോത് കണക്കാക്കും. അങ്ങനെയാണ് കമ്മറ്റി തീരുമാനിച്ചത്. 2010 മാർച്ച് മാസത്തിലാണ് ട്രിബ്യൂണൽ രൂപകരിക്കണമെന്ന പ്ലാച്ചിമട ഹൈപവർ കമ്മറ്റിയുടെ നിർദ്ദേശം സർക്കാരിന് സമർപ്പിക്കുന്നത്. എന്നാൽ അത് ഇത്രകാലം വൈകിയതിന് പിന്നിൽ കൊക്കക്കോള കമ്പനിയുടെ ശക്തമായ ഇടപെടൽ നടന്നിട്ടുണ്ടെന്നാണ് ലഭിക്കുന്ന സൂചന.

പ്ലാച്ചിമട ഹൈപവർ കമ്മറ്റി രൂപീകരിച്ച സമയത്തുതന്നെ അതിനെതിരെ കൊക്കോക്കോള കമ്പനി വ്യാജപ്രചരണങ്ങൾ നടത്തുന്നുണ്ടായിരുന്നു. അവർ വർഷങ്ങളായി പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങൾ തന്നെയായിരുന്നു ആവർത്തിച്ചത്. ജലചൂഷണം നടത്തുന്നില്ല, കൃഷിക്കായി വെള്ളമെടുക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നൊക്കെയാണ് പറഞ്ഞിരുന്നത്. കമ്പനി ഭീഷണിക്കത്തുകളൊക്കെ അയച്ചിരുന്നു. കമ്മറ്റിയുടെ നിർദ്ദേശത്തിനെതിരെ സർക്കാരിന്റെ ഭാഗത്തുനിന്നും രംഗത്തുവന്നത് വ്യവസായ സെക്രട്ടറി ടി. ബാലകൃഷ്ണൻ ആയിരുന്നു. ബാലകൃഷ്ണന്റെ പല നിലപാടുകളും ട്രിബ്യൂണൽ രൂപീകരിക്കുന്നതിന് എതിരായിരുന്നുവെന്നാണ് മനസിലാക്കാൻ കഴിഞ്ഞത്. മന്ത്രി എളമരം കരീമിന്റെ പിന്തുണയോടെയാണ് വ്യവസായ

സെക്രട്ടറി കൊക്കോക്കോളയ്ക്ക് അനുകൂലമായി സംസാരിച്ചിരുന്നത്. ജലവിഭവവകുപ്പാണ് ഇതിൽ പ്രധാനമായും തീരുമാനമെടുക്കേണ്ടിയിരുന്നത്. ട്രിബ്യൂണൽ രൂപീകരിക്കുന്നത് പുതിയ നിയമമായതുകൊണ്ടുതന്നെ നിയമവകുപ്പ് ഇതിൽ തീരുമാനമെടുക്കേണ്ടിവരും. എന്നാൽ അതിനെയെല്ലാം വ്യാവസായ വകുപ്പ് അട്ടിമറിക്കുകയായിരുന്നുവെന്നാണ് മനസിലാക്കാൻ കഴിഞ്ഞതെന്നും ഫൈസി ആരോപിച്ചു.

പ്ലാച്ചിമട ഹൈപവർ കമ്മറ്റിയുടെ സിറ്റിംഗ് സമയത്തൊന്നും ടി. ബാലകൃഷ്ണൻ പ്രത്യേകിച്ച് അഭിപ്രായമൊന്നും പറഞ്ഞിട്ടില്ലെങ്കിലും പുറത്ത് പലവേദിയിലുംവച്ച് കൊക്കോക്കോള കമ്പനിക്ക് അനുകൂലമായി സംസാരിച്ചിട്ടുണ്ട്. ടി. ബാലകൃഷ്ണന്റെ വാദങ്ങളിലൊന്ന് കൊക്കോക്കോള കമ്പനി ഒരുവർഷം അഞ്ഞൂറ് കോടിരൂപ നികുതി കൊടുക്കുന്നുണ്ടെന്നതായിരുന്നു. എന്നാൽ പാലക്കാട് സെയിൽ ടാക്സ് ഓഫീസിൽനിന്ന് കണക്കെടുത്തു. അതിൽ പറയുന്നതുപ്രകാരം കൊക്കോക്കോള കമ്പനി ഒരിക്കൽപോലും ഇത്രയും രൂപ ടാക്സ് അടച്ചിട്ടില്ല. 1998 മുതൽ 2005 വരെയുള്ള കണക്കുകൾ നോക്കിയപ്പോൾ ഓരോ വർഷവും കമ്പനി അടച്ചിരിക്കുന്നത് ശരാശരി രണ്ടര കോടി രൂപാവരെയാണ്. ഏറ്റവും കൂടുതൽ അടച്ചിരിക്കുന്നത് അഞ്ച് കോടി രൂപയാണ്. ടി. ബാലകൃഷ്ണൻ പറഞ്ഞ തുകയിൽനിന്ന് എത്രയോ കുറവാണ് കമ്പനി അടയ്ക്കുന്ന തുകയെന്നതാണ് ഇതിലൂടെ തെളിയുന്നത്. ഇങ്ങനെയുള്ള വ്യാജപ്രചരണങ്ങൾക്കാണ് ടി. ബാലകൃഷ്ണൻ നേതൃത്വം നൽകിയത്.

അങ്ങനെയങ്ങനെ സമിതി റിപ്പോർട്ട് അട്ടിമറിക്കപ്പെടുന്നുവെന്ന് തോന്നിയപ്പോഴാണ് ഇതിനെതിരെ രംഗത്തുവരാമെന്ന് തീരുമാനിച്ചത്. എല്ലാ മാദ്ധ്യമങ്ങളിലേക്കും കത്തയച്ചിരുന്നു. അതെല്ലാം മിക്കവാറും മാദ്ധ്യമങ്ങളിൽ വരുകയും ചെയ്തു. അതിനെത്തുടർന്നാണ് അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും അംഗീകാരം നൽകാൻ സർക്കാർ തീരുമാനിച്ചത്.

സമിതിയിലെ ഒരംഗമെന്ന നിലയിൽ റിപ്പോർട്ട് അട്ടിമറിക്കപ്പെടുന്നതിനെതിരെ രംഗത്തുവരേണ്ടത് എന്റെ ചുമതലയായിരുന്നു. പൊതുജനത്തിന്റെ പണമുപയോഗിച്ചുകൊണ്ടാണ് ഹൈപവർ കമ്മറ്റി പ്രവർത്തിച്ചത്. അങ്ങനെയുള്ള കമ്മറ്റിയുടെ തീരുമാനം അട്ടിമറിക്കപ്പെട്ടാൽ അത് പൊതുപണത്തിന്റെ ദുർവിനിയോഗമാണ്. സർക്കാർ റിപ്പോർട്ടിനെ തള്ളിപ്പറഞ്ഞിട്ടില്ലെന്ന് മാത്രമല്ല സ്വീകരിക്കുകയും ചെയ്തു. എന്നാൽ തുടർ നടപടികൾ മാത്രമുണ്ടായില്ല. തുടർ നടപടികൾ ചെയ്യാതിരിക്കുന്നത് പൊതുപണത്തിന്റെ ദുർവിനിയോഗമാണെന്നും അതിനെതിരെ കേസ് കൊടുക്കുമെന്നൊക്കെ പറഞ്ഞിരുന്നു.

എൻ. കെ പ്രേമചന്ദ്രനും ഇതിനെ പിന്തുണയ്ക്കുന്ന നിലപാടാണ് എടുത്തത്. എന്നാൽ വ്യവസായ വകുപ്പാണ് ഇതിന് പുറം തിരിഞ്ഞ് നിന്നത്. കൂടാതെ മുഖ്യമന്ത്രിക്കും കാര്യമായ താൽപര്യമുണ്ടായിരുന്നതായി തോന്നിയില്ല. പല ഡിപ്പാർട്ട്മെന്റിൽനിന്നും പാസാക്കി വിട്ട റിപ്പോർട്ട് ക്യാബിനറ്റിൽ കൊണ്ടുവരേണ്ടിയിരുന്നത് മുഖ്യമന്ത്രിയായിരുന്നു. എന്നാൽ അതുണ്ടായില്ല. മാത്രമല്ല പലപല തടസങ്ങൾ ഉന്നയിച്ചുകൊണ്ട് ഫയൽ ഓരോ ഡിപ്പാർട്ട്മെന്റിലേക്ക് തിരിച്ചയക്കുന്ന നിലപാടാണ് മുഖ്യമന്ത്രിയുടെ ഓഫീസ് സ്വീകരിച്ചത്. ഇക്കാര്യത്തിൽ അഡീഷനൽ ചീഫ് സെക്രട്ടറി കെ. ജയകുമാറിന്റെ നിലപാട് വളരെ പ്രധാനപ്പെട്ട ഒന്നായിരുന്നു. തീർത്തും ജനപക്ഷത്തുനിൽക്കുന്ന നിലപാടാണ് കെ. ജയകുമാർ എടുത്തത്. അതുകൊണ്ടുമാത്രമാണ് ട്രിബ്യൂണൽ രൂപികരിക്കാമെന്ന് റിപ്പോർട്ട് നൽകാൻപോലും സാധിച്ചത്. കൊക്കോക്കോള പോലത്തെ കമ്പനിയെ പേടിക്കുന്ന ഒരാളായിരുന്നില്ല കെ. ജയകുമാർ. ഏറെ ആഭ്യൂഹങ്ങൾക്കുശേഷം ട്രിബ്യൂണൽ രൂപീകരിക്കാനുള്ള ബിൽ അവതരിപ്പാക്കാൻ സർക്കാർ തീരുമാനമുണ്ടായതിൽ സന്തോഷമുണ്ട്.

## ഉന്നതാധികാര സമിതി റിപ്പോർട്ട് അട്ടിമറിക്കപ്പെടാനുള്ള സാധ്യതമുന്നിൽ കണ്ട് ഫെയ്സി പുറത്തിറക്കിയ പത്രപ്രസ്താവന

**പ്ലാച്ചിമടയിലെ** കൊക്കകോള കമ്പനി തദ്ദേശവാസികൾക്ക് വരുത്തിവെച്ച ദുരിതങ്ങൾക്ക് പകരമായ നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള ബിൽ ഇതുവരെ നിയമസഭയിലവതരിപ്പിക്കാൻ കഴിയാത്ത സംസ്ഥാനഗവൺമെന്റ 1ന്റെ നടപടി ഏറെ നിരാശാജനകമാണ്. പ്ലാച്ചിമടയിൽ നിയോഗിക്കപ്പെട്ട ഉന്നതാധികാര സമിതി 11 മാസത്തോളം നടത്തിയ പരിശ്രമത്തിന്റെ ഫലമായിട്ടാണ് നഷ്ടപരിഹാരത്തുക 216.26 കോടി രൂപയാണെന്ന് തിട്ടപ്പെടുത്തിയത്. ഇതിനായി ഒരു ട്രിബ്യൂണൽ രൂപീകരിക്കാനും കമ്മറ്റി നിർദ്ദേശിച്ചിരുന്നു.

തുടർന്ന് 2010 മാർച്ചിൽ കമ്മറ്റി നിർദ്ദേശങ്ങൾ ഗവൺമെന്റ് അംഗീകരിക്കുകയും ട്രിബ്യൂണൽ രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. ബിൽ സഭയിലവതരിപ്പിക്കാനുള്ള ഡ്രാഫ്റ്റും നൽകിയിരുന്നെങ്കിലും ജലവിവ വകുപ്പുമന്ത്രി എൻ.കെ. പ്രേമചന്ദ്രൻ സഭയുടെ അവസാന സെഷനിൽ ബിൽ അവതരിപ്പിക്കാമെന്ന് നല്കിയ ഉറപ്പല്ലാതെ ഗവൺമെന്റിന്റെ ാഗത്തു നിന്നും യാതൊന്നുമുണ്ടായില്ല. എന്നാൽ ജലവിവവകുപ്പും നിയമവകുപ്പും മുഖ്യമന്ത്രിയുടെ ഓഫീസും പരിശോധിച്ച് ദേഗതി വരുത്തിയ ഡ്രാഫ്റ്റ് ബിൽ, ഏതോ ഒരു അദൃശ്യ ഗവൺമെന്റിന്റെ ക്യാബിനറ്റ് അനുമതിക്കായി കാത്തു കിടക്കുകയാണെന്നതാണ് കഷ്ടം. പൊതു സമൂഹത്തിനു മുന്നിലെ പ്രതിച്ഛായക്ക് വിരുദ്ധമായി സമ്മർദ്ദങ്ങൾക്ക് കീഴടങ്ങിയ മുഖ്യമന്ത്രിയും ബിൽ അവഗണിച്ച മട്ടാണ്. കമ്മറ്റിക്ക് വിരുദ്ധമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഘടകങ്ങൾ ഗവൺമെന്റിനകത്തും സ്വാധീനം ചെലുത്തിയിരിക്കുന്നുവെന്നതിന്റെ തെളിവാണിത്.

പ്രസക്തമായ ഈ വിഷയത്തിൽ ഭരണ–പ്രതിപക്ഷങ്ങൾ ഒരുപോലെ താല്പര്യം കാണിച്ചതാണ് എന്നെ കമ്മറ്റിയുടെ ാഗമാകാൻ പ്രേരിപ്പിച്ചത്. എന്നാൽ ഏത് വിഷയത്തിലുമെന്ന പോലെ ഗവൺമെന്റിന്റെ അനാസ്ഥ തുടരുന്നതായാണ് കണ്ടത്. യഥാർത്ഥത്തിൽ വറ്റിക്കൊണ്ടിരിക്കുന്ന നമ്മുടെ സ്രോതസ്സുകളെ കുറിച്ചും ജനങ്ങളെക്കുറിച്ചും ഗവൺമെന്റിന് അല്പമെങ്കിലും ചിന്തയുണ്ടെങ്കിൽ ഉടൻ തന്നെ ട്രിബ്യൂണൽ ബിൽ നിയമസഭയിലവതരിപ്പിക്കണം. അതിനും കഴിഞ്ഞില്ലെങ്കിൽ ട്രിബ്യൂണൽ ഓർഡിനൻസായി പ്രഖ്യാപിക്കേണ്ടതാണ്.

സമിതിയിലെ എന്റെ ജോലികൾക്ക് യാത്രാച്ചെലവോ ഫീസോ ഈടാക്കിയില്ലെങ്കിലും കെ. ജയകുമാറിന്റെ നേതൃത്വത്തിൽ മാസങ്ങളോളം ജോലി ചെയ്ത 15 ഡയറക്ടർമാരും വിദഗ്ദ്ധരുമടങ്ങിയ കമ്മറ്റിക്ക് ഈ പേരിൽ പൊതുമുതലിൽ നിന്നും നല്ലൊരു തുക ചെലവായിട്ടുണ്ട്. ഈ റിപ്പോർട്ട് അവഗണിക്കുകയാണെങ്കിൽ പൊതുമുതൽ പാഴാക്കിയതിന്റെ പേരിൽ ഗവൺമെന്റിനെതിരെ നിയമമാർക്ഷം നീങ്ങാനാണ് എന്റെ തീരുമാനം. അതുപോലെ തങ്ങളർപ്പിച്ച പ്രതീക്ഷ പാഴാക്കിയ മുഖ്യമന്ത്രിയോടും ജനങ്ങൾ ചോദിക്കുമെന്നുമെനിക്കുറപ്പാണ്.